

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
www.ksad.kerala.gov.in

മതിലകം ബ്ലോക്ക് പഞ്ചായത്ത്
2016-17
ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ
e-mail: dotsr.ksad@kerala.gov.in

നം.കെ.എസ്.എ-ടി.എസ്.ആർ.(ബി.പി.2)1743/2017

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട് സഹിതം)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ –680 020.
e-mail-id :dotsr.ksad@kerala.gov.in
ഫോൺ: 0487 2331249
തീയതി :08-12-2017

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മതിലകം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : മതിലകം ബ്ലോക്ക് പഞ്ചായത്ത് –2016-17 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്
****

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മതിലകം ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ 2-1, ഭാഗം 3ലെ 3-6,3-12 ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം21(1(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ.

പകർപ്പ് :-

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ), തൃശ്ശൂർ
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-ടി.എസ്.ആർ.(ബി.പി.2)1743/2017 തിയ്യതി.08-12-2017

തൃശ്ശൂർ ജില്ലയിലെ മതിലകം ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

തൃശ്ശൂർ ജില്ലയിലെ മതിലകം ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ബ്ലോക്ക് പഞ്ചായത്ത് 02-04-2017 മുതൽ 05-11-2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 2016-17 സാമ്പത്തിക വർഷത്തെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ	ശ്രീ.ബാലകൃഷ്ണൻ.ഇ.ആർ, ജോയിന്റ് ഡയറക്ടർ
ഓഡിറ്റിന് വിനിയോഗിച്ച സമയം	6.11.2017 മുതൽ 14.11.2017 വരെ
ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ	ശ്രീ. ശിവൻ പി.എ, ഓഡിറ്റ് ഓഫീസർ
	ശ്രീ. സിനിലാൽ എം.ജി അസി.ഓഡിറ്റ് ഓഫീസർ
	ശ്രീമതി.സോന കെ.സത്യൻ , ഓഡിറ്റർ (9.11.17വരെ)

നിർവ്വഹണ അധികാരികൾ

പ്രസിഡന്റ്	കാലയളവ്
ശ്രീ. കെ.കെ. അബീദ് അലി	01-04-16 മുതൽ 31.3.2017

സെക്രട്ടറി	ശ്രീ. ജെ. ജയപ്രകാശ്, 01.04.16 മുതൽ 15.06.2016 വരെ ശ്രീമതി. യു.എം. ഷംല, 16.06.2016 മുതൽ 20.06.16 വരെ ശ്രീ. എ.വി. ജോസ് പ്രകാശ്, 21.06.2016 മുതൽ 31.3.2017 വരെ

നിർവ്വഹണ ഉദ്യോഗസ്ഥർ

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ	ശ്രീ. ഡി. ബിജു	1.04.2016 മുതൽ 31.3.17 വരെ
സൂപ്രണ്ട്, സി.എച്ച്.സി., പെരിഞ്ഞനം	ശ്രീ. സാനു പരമേശ്വരൻ	1.04.2016 മുതൽ 31.3.17 വരെ
സി.ഡി.പി.ഒ., മതിലകം	ശ്രീമതി.രാജലക്ഷ്മി.ടി.ആർ.	1.04.2016 മുതൽ 31.3.17 വരെ
എസ്.സി.ഡി.ഒ., മതിലകം	ശ്രീമതി. എം.കെ.തങ്കമണി	1.04.2016 മുതൽ 31.3.17 വരെ
അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ, മതിലകം	ശ്രിമതി.പി.ഉഷ	1.04.2016 മുതൽ 31.3.17 വരെ
ക്ഷീര വികസന ഓഫീസർ, മതിലകം	ഐ. വിധു വർക്കി	1.04.2016 മുതൽ 31.3.17 വരെ
ഐ.ഇ.ഒ.	ശ്രീ.ജയ് മോഹൻ	1.04.2016 മുതൽ 29.06.2016 വരെ
		30.06.2016 മുതൽ 22.07.2016 വരെ ഒഴിവ്
	ശ്രീ. മുജീബു റഹ്മാൻ	23.07.2016 മുതൽ 21.02.2017 വരെ
		22.02.2017 മുതൽ 24.02.2017 വരെ ഒഴിവ്
	ശ്രീമതി. ജിനി. പി.ജി.	25.02.2017 മുതൽ 31.3.17 വരെ

ഉള്ളടക്കം

ക്രമ നം.	ഇനം	ഖണ്ഡിക നമ്പർ
1	ബജറ്റ്/റിവൈസ്ഡ് ബജറ്റ് എന്നവ സംബന്ധിച്ച്	1-1
2	വാർഷിക ധനകാര്യപത്രിക	1-2
3	വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം.	1-3
4	സാമ്പത്തിക വിശകലനം	1-4
5	ഫണ്ട് വിനിയോഗം	1-5
6	പദ്ധതി അവലോകനം	1-6

7	തനത് വരുമാനം	1-7
8	ആഭ്യന്തരനിയന്ത്രണം	1-8
9	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-9
10	ബ്ലോക്ക് പഞ്ചായത്ത് കെട്ടിടങ്ങളുടെ വാടക. ബൈലോ തയ്യാറാക്കിയിട്ടില്ല. കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി സ്വീകരിക്കണം. ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.	2-1
11	എസ്.സി.എസ്.ടി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി- അപാകതകൾ	3-1
12	വിദേശ തൊഴിൽ ധനസഹായം -അപാകതകൾ	3-2
13	മെറിറ്റോറിയസ് വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട സേവനം- തുക കൈപ്പറ്റിയതിന്റെ വിവരം ലഭ്യമല്ല	3-3
14	വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല	3-4
15	10-ാം തരം തുല്യത - മുഴുവൻ ഗ്രണഭോക്താക്കളും പരീക്ഷയെഴുതിയില്ല - തുടർ നടപടി സ്വീകരിക്കണം	3-5
16	കോൺഫറൻസ് ഹാളിലേക്ക് ഫർണിച്ചർ - പാനലിങ്ങ് പ്രവൃത്തികൾക്ക് F.I.T.ക്ക് തുക നൽകിയത് ക്രമപ്രകാരമല്ല	3-6
17	ഐ.എ.വൈ., പി.എം.എ.വൈ. പദ്ധതികൾക്കായി പിൻവലിച്ച സംഖ്യ വിതരണം ചെയ്തതിൽ ഉണ്ടായ കാലതാമസം സംബന്ധിച്ച്	3-7
18	കൃഷി അസിസ്റ്റന്റ് ഡയറക്ടർ നടപ്പാക്കിയ പദ്ധതികൾ, രേഖകൾ പൂർണ്ണമായി ലഭ്യമാക്കിയില്ല	3-8
19	മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതികൾ - വാങ്ങലുകളിൽ സർക്കാർ നിർദ്ദേശം പാലിക്കാത്തത്	3-9
20	പാലിയേറ്റീവ് കെയർ ഉപകരണങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം	3-10
21	സി.സി. ടി.വി. ക്യാമറ നഷ്ടപ്പെട്ടത് - തുടർ നടപടി സ്വീകരിക്കണം	3-11
22	അലോപ്പതി മരുന്നുകൾ കെ.എം.എസ്.സി.എൽ.-ൽ നിന്നും വാങ്ങുന്നതിന് നടപടി സ്വീകരിക്കണം	3-12
23	സയൻസ് പാർക്ക് ചുറ്റുമതിൽ നിർമാണം -അപാകതകൾ പരിഹരിച്ചിട്ടില്ല,പിഴ ഈടാക്കിയിട്ടില്ല.	3-13
24	ക്ഷീരവികസന ഓഫീസർ നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ	3-14
25	പാൽസൊസൈറ്റിയിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക് സബ്സിഡി(സംയുക്ത പ്രൊജക്ട്) -വിനിയോഗസാക്യപത്രം	3-15

	ഹാജരാക്കിയിട്ടില്ല.	
26	ക്ഷീരകർഷകർക്ക് കാലിത്തീറ്റ സബ്സിഡി -വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല	3-16
27	ബഡ്സ് സ്കൂൾ നിർമാണം -ബ്ളോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപെടുന്നതല്ല.	3-17
28	വയോജനവിശ്രമകേന്ദ്രം ഉപയോഗപ്പെടുത്തിയിട്ടില്ല	3-18
29	വ്യവസായവികസന ഓഫീസർ പ്രൊജക്ടുകൾ നടപ്പിലാക്കിയില്ല	3-19
30	ഇ-ടെണ്ടർ-മാതൃകാപരം,ലാഭകരം,അഭിനന്ദനീയം	3-20
31	മൃഗാശുപത്രികൾക്ക് മരുന്ന് വാങ്ങി നൽകിയത്-ബ്ളോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപെടുന്നതല്ല	3-21
32	സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-1
33	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-2
34	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്	4-3
35	വായ്പ/വായ്പ തിരിച്ചടവ്	4-4
36	സ്ഥിര നിക്ഷേപങ്ങൾ സംബന്ധിച്ച്	4-5
37	ഓഡിറ്റ് റിക്കവറി	4-6
38	ഓഡിറ്റ് പ്രത്യവലോകനം	4-7
39	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ	4-8

ഭാഗം 1

പൊതു അവലോകനം

1-1 ബജറ്റ്/റിവൈസ്ഡ് ബജറ്റ്

പാസ്സാക്കിയ തിയ്യതി	03.03.2016	
കമ്മിറ്റി തീരുമാനം	1/1	
പ്രതീക്ഷിത വരവ്, ചെലവ് എന്നിവ	വരവ്	ചെലവ്
	548089153	548389163

1-2 വാർഷിക ധനകാര്യപത്രിക

ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി
31.7.2017	14.7.2017

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

1) വാടക വരവിനങ്ങളുടെ ഡി.സി.ബി. പത്രിക തയ്യാറാക്കിയിട്ടില്ല

2) ആസ്തി മൂല്യം കണക്കാക്കിയിട്ടില്ല

3) ആസ്തി രജിസ്റ്റർ കാലികമല്ല

1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് – 45866550

വരവ് – 71613796

ആകെ –117480346

ചെലവ് –73380383

നീക്കിയിരിപ്പ്- 44099963

1-5 ഫണ്ട് വിനിയോഗം

വിവിധ ഫണ്ടുകളുടെ വിനിയോഗം

ഫണ്ട് ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	ലാപ്സായ തുക	ചെലവ് ശതമാനം
വികസന ഫണ്ട് ജനറൽ	-	30233567	30233567	18259292	11974275	60%
എസ്.സി.പി.	-	14411118	14411118	12097909	2313209	84%
ടി.എസ്.പി.	-	10086	10086	10086	0	100%
13th ധനകാര്യ കമ്മീഷൻ	-	-	-	-	-	-
ലോക ബാങ്ക് സഹായം	-	-	-	-	-	-
ബി. ഫണ്ട് (ഹെൽത്ത് ഗ്രാന്റ്)	-	30000	30000	30000	-	100
മെയിന്റനൻസ് ഗ്രാന്റ് – റോഡ്	-	4706472	4706472	3670571	935901	80%

1-6 പദ്ധതി അവലോകനം

അംഗീകാരം ലഭിച്ചവ (എണ്ണം)	അടങ്കൽ (തുക)	നടപ്പിലാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പിലാക്കിയത്	നടപ്പിലാക്കാത്തത്	പൂർത്തീകരിച്ചതിന്റെ ശതമാനം
113	69101681	66	36410554	35	-	52.69%

പൂർത്തിയാക്കാതെ ഉപേക്ഷിച്ച പ്രോജക്ടുകളുടെ പേര്

1) മൂന്നുപീടിക മാർക്കറ്റിൽ ടോയ് ലെറ്റ് നിർമ്മാണം
2) പട്ടിക വർഗ്ഗക്കാർക്ക് ഭവന പുനരുദ്ധാരണം (പുതിയത്)
3) ഡോക്യുമെന്റേഷൻ
4) സെർവ്വർ റൂം ശീതീകരണം
5) അഞ്ചാം പരത്തി എസ്.സി. കോളനി സമഗ്ര വികസനം
6) പട്ടികവർഗ്ഗക്കാർക്ക് ഭവന പുനരുദ്ധാരണം

1-7 തനത് വരുമാനം

ഇനം	മുൻ വർഷത്തെ വരവ്	തൻ വർഷത്തെ വരവ്	വ്യത്യാസം	വ്യത്യാസം ശതമാനത്തിൽ (+/-)
മറ്റു വരവുകൾ	1308911	1741293	432382	+25%
ആകെ	1308911	1741293	432382	+25%

1-8 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തരനിയന്ത്രണം പൊതുവെ തൃപ്തികരമാണ്. പൊതുജനങ്ങൾക്ക് ഫ്രണ്ടോഫീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിന് ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുണ്ട്.

1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് സമർപ്പിച്ച തിയ്യതി
പെർഫോർമൻസ് ഓഡിറ്റ്	2017 മെയ് 5	2016-17	02.08.2017
അക്കൗണ്ടന്റ് ജനറൽ	23.09.2016 മുതൽ 26.09.2016 വരെ	01.09.2015 മുതൽ 31.08.2016 വരെ	13.10.2016

ഭാഗം-2

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 ബ്ലോക്ക് പഞ്ചായത്ത് കെട്ടിടങ്ങളുടെ വാടക - ബൈലോ തയ്യാറാക്കിയിട്ടില്ല - കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി സ്വീകരിക്കണം - ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു

ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക കണക്ക് ബാലൻസ് ഷീറ്റ് പ്രകാരം കെട്ടിട വാടകയിനത്തിൽ 5,47,989/-രൂപ പിരിഞ്ഞ് കിട്ടാനുള്ളതായി കാണുന്നു. എന്നാൽ പിരിഞ്ഞു കിട്ടാനുള്ള വാടക സംബന്ധിച്ച കൃത്യമായ ഡി.സി.ബി കണക്കുകൾ ബ്ലോക്ക് പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്ത് ലഭ്യമാക്കിയ കണക്കുകൾ പ്രകാരമുള്ള പ്രധാന കുടിശ്ശികയുടെ വിവരം താഴെ ചേർക്കുന്നു.

ക്രമ നം.	കെട്ടിടത്തിന്റെ പേര്	മുറികളുടെ എണ്ണം	മുറി നം.	കുറിപ്പുകൾ
1	വേക്കോട് വ്യവസായ കേന്ദ്രം	15	2	ശ്രീമതി. സിബി.ഫിറോസ് 20.8.15 മുതൽ 27 മാസത്തെ കുടിശ്ശിക 1,11,333/- രൂപ അടവാക്കാനുണ്ട്.
			4	ശ്രീമതി.സന്ധ്യ ദീലീപൻ. 26.10.09

				മുതലുള്ള കുടിശ്ശിക ബാക്കിയും 20.4.13 മുതൽ 55 മാസത്തെ കുടിശ്ശികയും അടക്കം 2,48,243 രൂപ അടവാക്കാനുണ്ട്.
2	എസ്.ജി.ആർ.വൈ. കെട്ടിടം എറിയാട്	5		3ാം നമ്പർ മുറി പൂട്ടി കിടക്കുന്നു.
3	എസ്.ജി.ആർ.വൈ. കെട്ടിടം മൂന്നുപീടിക	9	3,4	ശ്രീമതി. വൃന്ദ വിജയൻ 7/15 മുതൽ രണ്ട് മുറികളുടെ വാടക 37200 രൂപ അടവാക്കാനുണ്ട്
	,,		6, 7, 8	മുറികൾ പൂട്ടികിടക്കുന്നു.

വേക്കോട് വ്യവസായ കേന്ദ്രത്തിലെ മുറി നം. 2 ലെ വാടകക്കാരിയായ ശ്രീമതി സിബി, മുറി നം. 4 ലെ വാടകക്കാരി ശ്രീമതി സന്ധ്യ ദിലീപൻ എന്നിവർ ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക വാടക വർധന നടപ്പാക്കുന്നതിനെതിരെ ബഹു.ഓംബുഡ്സ്മാൻ മുൻപാകെ കേസ് ഫയൽ ചെയ്യുകയും സന്ധ്യാ ദീലീപിന്റെ കേസിൽ 17.1.17 ന് പുറപെടുവിച്ച വിധിയിൽ പഞ്ചായത്ത് കമ്മിറ്റിയോട് ഉചിതമായ തീരുമാനം എടുക്കുന്നതിന് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. എന്നാൽ ഇക്കാര്യത്തിൽ ഇതുവരെ തീരുമാനമായിട്ടില്ല.

ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നതിന് ഗ്രണഭോക്താക്കളുമായി കരാറിലേർപെട്ടിട്ടുണ്ട്. 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കയ്യൊഴിയലും) ചട്ടങ്ങൾ ചട്ടം 7(1) പ്രകാരം പഞ്ചായത്തിന്റെ സ്വന്തമായ വസ്തുക്കൾ ലൈസൻസിന്മേൽ വാടകയ്ക്കോ പാട്ടത്തിനോ നൽകുമ്പോൾ ഫാറം III പ്രകാരമുള്ള മാതൃകയിൽ കരാർ ചമക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഈ നിർദ്ദേശം പാലിച്ചിട്ടില്ല.

1995ലെ കേരള പഞ്ചായത്ത് രാജ് (ബൈലോകൾ ഉണ്ടാക്കാനുള്ള നടപടിക്രമം) ചട്ടങ്ങൾ പ്രകാരം പഞ്ചായത്തിന് ആവശ്യമെന്ന് തോന്നുന്ന ബൈലോകൾ ഉണ്ടാക്കുന്നതിനും ഭേദഗതി വരുത്തുന്നതിനും നടപടി ക്രമങ്ങൾ പാലിച്ച് ഇപ്രകാരം തയ്യാറാക്കുന്ന ചട്ടങ്ങൾ ടി ചട്ടം 3 (5) പ്രകാരം സർക്കാരിന്റെ അനുമതി ലഭ്യമാക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ വാടക നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ, കരാർ കാലാവധി, വാടക നിരക്ക് വർധന, കൈമാറ്റം, അനധികൃത കൈമാറ്റങ്ങൾക്കെതിരെ സ്വീകരിക്കാവുന്ന നടപടികൾ, കുടിശ്ശിക വരുത്തുന്നവർക്കെതിരെ സ്വീകരിക്കാവുന്ന നടപടികൾ എന്നിങ്ങനെ കെട്ടിട മുറികൾ വാടകയ്ക്ക് നൽകുന്നതിന് സംബന്ധിച്ച് ബ്ലോക്ക് പഞ്ചായത്ത് ബൈലോ തയ്യാറാക്കുകയോ സർക്കാർ അനുമതി ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. അതുകൊണ്ടു തന്നെ വ്യത്യസ്ഥകാലയളവുകളിലേക്ക് വാടകക്കാരുമായി കരാറിലേർപെടുകയും വിവിധ കമ്മിറ്റി തീരുമാനങ്ങൾ വഴി വ്യത്യസ്ത നിരക്കിലുള്ള വാടക വർധന നടപ്പാക്കുകയുമാണ് ബ്ലോക്ക് പഞ്ചായത്ത് ചെയ്തു വരുന്നത്.

വാടകക്കാരുമായി ബ്ലോക്ക് പഞ്ചായത്ത് ഏർപെട്ട കരാർ വ്യവസ്ഥകളിലെ പഴുതുകളാണ് കുടിശ്ശിക ഈടാക്കുന്നതിന് നിലവിൽ തടസ്സമായിട്ടുള്ളത്. നിയമാനുസൃതം തയ്യാറാക്കിയിട്ടുള്ള ഒരു ബൈലോയുടെ അഭാവമാണ് ഓംബുഡ്സ്മാന്റെ മുൻപാകെ ഫയൽ ചെയ്ത കേസുകളിൽ പഞ്ചായത്തിന് അനുകൂലമായി വിധി ഇല്ലാതായതിന് കാരണമായി ഓഡിറ്റ് വിലയിരുത്തുന്നത്. വാടക കുടിശ്ശിക വരുത്തുന്നവർക്കെതിരെ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതിൽ ബ്ലോക്ക് പഞ്ചായത്തിനുള്ള അലംഭാവവും രജിസ്റ്ററുകളും രേഖകളും ശരിയായി പരിപാലിക്കുകയും കുടിശ്ശിക കണക്കുകൾ തയ്യാറാക്കി യഥാ സമയം ഭരണ സമിതിയുടെ ശ്രദ്ധയിൽപെടുത്താതിരിക്കുന്നതും കുടിശ്ശിക തുക നഷ്ടമാകുന്നതിന് കാരണമായേക്കാം. ഇക്കാര്യം മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും ഫലപ്രദമായ നടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടില്ലാത്തതാണ്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 243 (1) പ്രകാരം പഞ്ചായത്തിന് ലഭിക്കേണ്ടിയിരുന്ന തുകകൾ സംബന്ധിച്ച് നിയമാനുസൃതം നടപടികൾ സ്വീകരിക്കേണ്ടിയിരുന്ന തിയതിക്കുള്ളിൽ നടപടികൾ സ്വീകരിക്കാത്തപക്ഷം മൂന്നു വർഷത്തിനു ശേഷം പഞ്ചായത്തിന് ലഭിക്കേണ്ട തുകകൾ കാലഹരണപെടുന്നതാണെന്നും ഇത്തരത്തിൽ തുക കാലഹരണപെടുന്ന സാഹചര്യമുണ്ടായാൽ നഷ്ടതുക 12% പലിശ സഹിതം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുന്നതിന് ടി ചട്ടം ഉപചട്ടം 3 പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതുമാണ്. ആയതിനാൽ കൃത്യമായ സമയബന്ധിതമായി പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും ഇക്കാര്യത്തിലുള്ള അലംഭാവം ഒഴിവാക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഭാഗം-3

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1 എസ്.സി.എസ്.ടി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി-അപാകതകൾ

പ്രോജക്ട് : എസ്.സി.എസ്.ടി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി

പ്രോജക്ട് നമ്പർ : So 9/16-17

ബിൽനമ്പർ :1/16-17/20-10-16, 4/16-17/28-10-16, 6/16-17/29-12-16, 9/16-17/23-01-17, 10/16-17/02-03-17, 11/16-17/02-03-17, 15/16-17/24-03-17, 16/16-17/27-03-17, 18/16-17/31-03-17, 21/16-17/31-03-17

അടങ്കൽ :1880000/-

തുക : 1099994

1. മേൽ പ്രോജക്ടിനായി ബില്ലുകൾ പ്രകാരം 1099994 രൂപ ചെലവഴിച്ചിട്ടുണ്ട്. വാസയോഗ്യമായ 800 ച.അടിയിൽ താഴെ വിസ്തീർണ്ണമുള്ള വീട് ഉള്ളവർക്കാണ് പഠനമുറി നിർമ്മിക്കുന്നതിന് ധനസഹായത്തിന് അർഹതയുള്ളത്. നിർമ്മിക്കുന്ന പഠനമുറിക്ക് 120 ച.അടിയിൽ കുറയാതെ വിസ്തീർണ്ണമുണ്ടായിരിക്കേണ്ടതുമാണ്. എന്നാൽ മേൽ മാനദണ്ഡങ്ങൾ ഉറപ്പാക്കുന്നതിനുള്ള രേഖകൾ ഹാജരാക്കാതെ 17 ഗുണഭോക്താക്കൾക്ക് തുക അനുവദിച്ചു.മാനദണ്ഡങ്ങൾ ഉറപ്പാക്കാതെ ചെലവഴിച്ച 1099994 രൂപ തടസ്സപ്പെടുത്തുന്നു.

2. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്ധ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിനായി വിവിധ ഗഡുക്കളായി താഴെപ്പറയുന്ന 17 വിദ്യാർത്ഥികൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന തുകകൾ ഗുണഭോക്താക്കൾക്ക് ലഭ്യമായത് പരിശോധിക്കാനാവശ്യമായ വിവരം ഫയലിൽ ലഭ്യമല്ല.

ക്രമ നമ്പർ	ഗുണഭോക്താവിന്റെ പേര്	ഗഡു	തുക
1	രജുത്തമൻ	3,4	20000, 9999
2	ഉണ്ണികൃഷ്ണൻ കെ.എ	3,4	20000, 9999
3	പീതാംബരൻ	3,4	20000, 9999
4	വിദ്യ തടത്തിൽ	3,4	20000, 9999
5	മുരളീധരൻ ടി.കെ	3	30000
6	മനോഹരൻ	3	30000

7	കാർത്തികേയൻ	1,2	40000, 30000
8	ഷൺമുഖൻ	1,2	40000, 30000
9	രാജി സഹജൻ	1,2	40000, 30000
10	അജയൻ സി.കെ	2,3,4	30000, 20000, 9999
11	ചന്ദ്രൻ	2,3,4	30000, 20000, 9999
12	രാജേന്ദ്രൻ	1,2	40000, 30000
13	കനകലത	1,2	40000, 30000
14	രമേഷ് വി.വി	1,2	40000, 30000
15	ബീന സുബ്രഹ്മണ്യൻ	1	40000
16	രാജു ടി.ജി	1	40000
17	സുദർശനൻ	1	40000
	ആകെ		839994

രേഖകളുടെ അഭാവത്തിൽ ചെലവഴിച്ച 839994രൂപയ്ക്ക് വിശദീകരണം നല്കേണ്ടതും, തുകകൾ ഗുണഭോക്താക്കൾക്ക് ലഭ്യമായത് പരിശോധിയ്ക്കാൻ ആവശ്യമായ രേഖകൾ ഹാജരാക്കേണ്ടതാണ്.

3-2 വിദേശ തൊഴിൽ ധനസഹായം -അപാകതകൾ

പ്രോജക്ട് : എസ്.സി.എസ്.ടി വിഭാഗത്തിൽപ്പെട്ടവർക്ക് വിദേശ തൊഴിൽ ധനസഹായം
പ്രോജക്ട് നമ്പർ : 85/16-17
അടങ്കൽ : 600000
ചെലവ് : 330000
പ്രോജക്ട് നമ്പർ : So 8/16-17

അടങ്കൽ : 430000
ചെലവ് : 280000

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് വിദേശത്തേക്ക് പോകുന്നതിന് തൊഴിൽ ധനസഹായമായി മേൽ പ്രോജക്ടുകളിലൂടെ 610000 രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് തുക ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻഫർ ചെയ്യുകയാണുണ്ടായത് ആയത് ലഭ്യമായി എന്ന് ഉറപ്പാക്കുന്നതിനുള്ള കൈപ്പറ്റ് രസീതി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ക്രമ നമ്പർ	പേര്	തുക	ബിൽനമ്പർ/ തിയതി
1	ബിനോയ്.പി.എ.	30000	13/16-17/ 24.03.17

2	രാജേഷ്	30000, 20000	13/16-17/ 24.03.17, 20/16-17/ 31.3.17
3	ശ്രീരാഗ്.ടി.ടി.	30000, 20000	13/16-17/ 24.03.17, 20/16-17/ 31.3.17
4	അഭിലാഷ്.വി.ബി.	30000	13/16-17/ 24.03.17
5	അനിൽകുമാർ.കെ.എ.	30000, 20000	13/16-17/ 24.03.17, 20/16-17/ 31.3.17
6	രാജേഷ്.ടി.എൽ.	30000	13/16-17/ 24.03.17
7	അജിത്ത്.കെ.എ.	30000	20/16-17/ 31.3.17
8	ഷാജു.പി.എസ്.	30000	20/16-17/ 31.3.17
9	ബിജേഷ്.കെ.സി	30000	22/16-17/ 31.3.17
10	ഷൈജു	50000	14/16-17/ 24.3.17
11	ഷൈമോൻ.പി.കെ.	50000	17/16-17/ 27.3.17
12	സുധീഷ്	20000	17/16-17/ 27.3.17
	ആകെ	4,50,000/-	

തുക ഗുണഭോക്താക്കൾക്ക് ലഭ്യമായി എന്നത് ഉറപ്പാക്കേണ്ട രേഖകൾ ഹാജരാക്കുന്നതുവരെ 4,50,000/-രൂപ തടസ്സപ്പെടുത്തുന്നു.

3-3 മെറിറ്റോറിയസ് വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട സേവനം- തുക കൈപ്പറ്റിയതിന്റെ വിവരം ലഭ്യമല്ല

പ്രോജക്ട് നമ്പർ 81/16-17

അടങ്കൽ :400000

ചെലവ് :375000

ബിൽനമ്പർ : 12/16-17/24.3.17 തുക 75000

19/16-17/31.3.17 തുക 300000

മേൽ പ്രോജക്ട് പ്രകാരം 15 വിദ്യാർത്ഥികൾക്ക് 25000/- രൂപ വീതം നൽകിയിട്ടുണ്ടെങ്കിലും തുക കൈപ്പറ്റിയതിന്റെ വിവരം ലഭ്യമല്ല. ആയത് ഉറപ്പാക്കാനാകുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

രേഖകളുടെ അഭാവത്തിൽ ചെലവ് തുക 375000 രൂപ തടസ്സപ്പെടുത്തുന്നു.

3-4 വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല

സെക്രട്ടറി നടപ്പാക്കിയ വിവിധ പദ്ധതികളിലായി ബ്ളോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് തുക നൽകിയിട്ടുണ്ടെങ്കിലും അവയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നം.	പ്രോജക്ട് നമ്പർ/ പദ്ധതി	നൽകിയ തുക/ നൽകിയത്	U C ലഭിച്ചത്	റിമാർക്സ്	തടസ്സപ്പെടുത്തിയത്
1	22/17 1km പ്രവർത്തന ഫണ്ട്	80957/ സാക്ഷരത മിഷൻ, ഡയറക്ടർ, തിരുവനന്തപുരം	ഇല്ല	15-16, 16-17 വർഷത്തെ പ്രവർത്തന ഫണ്ട് 08.03.16-ലെ സ.ഉ.(സാ) 1228/16 ത.സ്വ.ഭ.വ. പ്രകാരം നൽകിയത്	80957
2	75/17 സാന്ത്വന പരിചരണം	1,00,000/- / സെക്രട്ടറി, എടത്തിരുത്തി ഗ്രാമപഞ്ചായത്ത്	ഇല്ല	മറുപടി ലഭ്യമല്ല	100000
		1,00,000/- / സെക്രട്ടറി, പെരിഞ്ഞനം ഗ്രാമപഞ്ചായത്ത്	42,000	ബാക്കിയുള്ള തുക 58,000/- രൂപ STSB-യിൽ നീക്കിയിരിപ്പുള്ളതായി അറിയിച്ചിട്ടുണ്ട്.	58000
3	101/17 മത്സ്യബന്ധന വല	1,00,000/- / സെക്രട്ടറി, പെരിഞ്ഞനം ഗ്രാമപഞ്ചായത്ത്	ഇല്ല	മറുപടി ലഭ്യമല്ല.	100000
		96,000/- / എടവിലങ്ങ് ഗ്രാമപഞ്ചായത്ത്	51,000	ബാക്കി 45,000/- രൂപയുടെ വിവരം ലഭ്യമാക്കിയിട്ടില്ല.	45,000
4	102/17 അയിരൂർ കോളനി സമഗ്ര വികസനം	10,38,461/- / സെക്രട്ടറി, കൈപ്പമംഗലം ഗ്രാമപഞ്ചായത്ത്	9,00,000	ബാക്കി തുകയിൽ 1,00,000/- 17-18-ൽ ചെലവഴിക്കുമെന്നും 38,461/- രൂപ STSBയിൽ ഉണ്ടെന്നും മറുപടി നൽകി	138461
	ആകെ				522418

മേൽ പ്രകാരം 4 പദ്ധതികളിലായി നൽകിയ തുകയിൽ 522418/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. ടി തുകയിൽ അതാതു സ്ഥാപനങ്ങളിൽ ചെലവഴിക്കാതെ കിടക്കുന്ന തുക കൺസോളിഡേറ്റഡ് ഫണ്ടിൽ തിരിച്ചടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്ത 522418/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3-5 10-ാം തരം തുല്യത - മുഴുവൻ ഗുണഭോക്താക്കളും പരീക്ഷയെഴുതിയില്ല - തുടർ നടപടി സ്വീകരിക്കണം

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്ട് നമ്പർ 21/17 പ്രകാരം 60 ഗുണഭോക്താക്കൾക്ക് 10-ാം തരം തുല്യത നേടുന്നതിനായി പരീക്ഷാ ഫീസ് ഇനത്തിൽ 1,500/- രൂപ വീതം 90,000/- രൂപ ബിൽ നമ്പർ 22/16-17 തീയതി.31.01.17 പ്രകാരം കേരള സംസ്ഥാന സാക്ഷരത മിഷൻ അതോറിറ്റിയുടെ ശാസ്തമംഗലം ശാഖ എസ്.ബി.ടി. അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിരുന്നു. എന്നാൽ 42 ഗുണഭോക്താക്കൾ മാത്രമേ നാളിതുവരെ പരീക്ഷയ്ക്ക് ഹാജരായിട്ടുള്ളൂ. പരീക്ഷ ഫീസ് അടവാക്കി മൂന്നു വർഷത്തിനുള്ളിൽ പരീക്ഷ എഴുതിയാൽ മതിയാകുമെന്നതിനാലാണ് മുഴുവൻ ഗുണഭോക്താക്കളും പരീക്ഷയെഴുതാതിരുന്നതിന്റെ കാരണമായി മറുപടി നൽകിയിട്ടുള്ളത്. ഗുണഭോക്താക്കളെ പൂർണ്ണായും പരീക്ഷയെഴുതിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും അല്ലാത്തപക്ഷം അധികം നൽകിയ തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.
(ഓഡിറ്റ് എൻകയറി നമ്പർ:1/13-11-17)

3-6 കോൺഫറൻസ് ഹാളിലേക്ക് ഫർണിച്ചർ - പാനലിങ്ങ് പ്രവൃത്തികൾക്ക് F.I.T.ക്ക് തുക നൽകിയത് ക്രമപ്രകാരമല്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

ബ്ലോക്ക് പഞ്ചായത്തിന്റെ കോൺഫറൻസ് ഹാൾ, ഓഫീസ് എന്നിവിടങ്ങളിലേക്ക് ഫർണിച്ചർ വാങ്ങുന്നതിനായി പ്രോജക്ട് നമ്പർ 94/17, 120/17 എന്നിവ പ്രകാരം യഥാക്രമം 14,32,448/- രൂപ, 8,67,135/- എന്നിങ്ങനെ തുക വകയിരുത്തിയിരുന്നു. 09.01.17-ലെ ജനറൽ കമ്മിറ്റി 8(2) പ്രകാരം ഫർണിച്ചറുകൾ ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ആലുവ) ട്രാവൻകൂർ F.I.T. എന്ന സ്ഥാപനത്തിൽ നിന്നും സർക്കാർ ഉത്തരവു പ്രകാരം ടെണ്ടർ ക്ഷണിക്കാതെ വാങ്ങുന്നതിന് തീരുമാനിച്ചു. തുടർന്ന് 30.03.2000-ലെ ജി.ഒ.(ആർ.ടി.)നം.23/2000-ലെ ഉത്തരവ് പ്രകാരം 80% തുക {ആദ്യ പ്രോജക്ടിന് 11,45,958/- (ബിൽ നമ്പർ 147/ 27.01.17 തുക-6,21,958/-, ബിൽ നമ്പർ 146/ 27.01.17, തുക-5,24,000/-) രൂപയും രണ്ടാമത്തെ പ്രോജക്ടിനായി ബിൽ നമ്പർ 179/ 10.03.17 പ്രകാരം 6,93,708/- രൂപയും അടക്കം} 18,39,666/- രൂപ അഡ്വാൻസായി F.I.T.ക്ക് നൽകി.

തേക്ക്, ആഞ്ഞിലി മരത്തിൽ നിർമ്മിച്ച ഫർണിച്ചറുകൾ സർക്കാർ നിശ്ചയിച്ച നിരക്കിൽ ടെണ്ടർ ക്ഷണിക്കാതെ ടി സ്ഥാപനത്തിൽ നിന്നും വാങ്ങുന്നതിനാണ് സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ളത്. എന്നാൽ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം ഇരു പ്രോജക്ടുകളിലുമായി 134.36m^2 പാനലിങ്ങ് പ്രവൃത്തികളാണ് ഉൾപ്പെട്ടിട്ടുള്ളത്. 6mm കനമുള്ള മരൈൻ പ്ലൈവുഡിന് മുകളിൽ ആഞ്ഞിലി റീപ്പറുകൾ പതിപ്പിച്ച് അതിനു മുകളിൽ തേക്ക് മരത്തിന്റെ ഡിസൈനുള്ള പാനലിങ്ങ് പ്രവൃത്തികൾ (outside teak wall panelling) നടത്തുന്നതിന് ചതുരശ്രമീറ്ററിന് 7290/- രൂപ നിരക്കിൽ 9,79,484/- രൂപ കണക്കാക്കിയതു കൂടിയാണ് F.I.T.ക്ക് തുക നൽകിയത്. യഥാർത്ഥത്തിൽ ഇത്തരത്തിൽ പ്രവൃത്തികൾ നടത്തുന്നതിന് observed data പ്രകാരം ചതുരശ്ര മീറ്ററിന് നൽകാവുന്ന നിരക്ക് നിശ്ചയിച്ച് പ്രവൃത്തി ഇ-ടെണ്ടർ ചെയ്യുന്നതിനു പകരമായി ടി പ്രവൃത്തി നടത്തുന്നതിന് തുക പിൻവലിച്ച് F.I.T.ക്ക് നൽകിയത് സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. പ്രവൃത്തിയുടെ ഗുണമേന്മ സംബന്ധിച്ച സാങ്കേതിക പരിശോധന നടത്തേണ്ടതും പ്രവൃത്തികൾക്ക് തുക നൽകിയതു സംബന്ധിച്ച് സർക്കാരിൽ നിന്നും അനുമതി ലഭ്യമാക്കേണ്ടതുമാണ്.

3-7 ഐ.എ.വൈ., പി.എം.എ.വൈ. പദ്ധതികൾക്കായി പിൻവലിച്ച സംഖ്യ വിതരണം ചെയ്യുന്നതിൽ കാലതാമസം

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ വിവിധ ഭവന നിർമ്മാണ പദ്ധതികളിലായി 2016-17 സാമ്പത്തിക വർഷത്തിൽ തുക പിൻവലിച്ചിരുന്നുവെങ്കിലും വിവിധ ഗുണഭോക്താക്കൾക്ക് നൽകുന്നതിൽ കാലതാമസമുണ്ടായതായി കാണുന്നു. പിൻവലിച്ച തുകയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നമ്പർ	പ്രോജക്ട് നമ്പർ/ പേര്	പിൻവലിച്ച തുക	സാമ്പത്തിക വർഷത്തിൽ	ശതമാനം

			വിതരണം ചെയ്തത്	
1	23/17/ പി.എം.എ.വൈ. 16-17 ജനറൽ	28,93,500/-	12,48,000/-	43.1%
2	30/17/ പി.എം.എ.വൈ. 16-17 എസ്.സി.പി.	43,92,000/-	1,92,000/-	4.3%
3	114/17/ ഐ.എ.വൈ. അധിക ധനസഹായം എസ്.സി.പി. (15-16)	31,63,000/-	28,00,000/-	88.5%
4	137/17/ ഐ.എ.വൈ. 15-16 സംസ്ഥാന വിഹിതം	1,42,500	35,000/-	24.5%

സാമ്പത്തിക വർഷത്തിൽ പിൻവലിച്ച തുക ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിൽ ആറു മാസത്തിലധികം കാലതാമസം ഉള്ളതായി ഓഡിറ്റ് പരിശോധനയിൽ കണ്ടു. വാർഷിക കണക്കു പ്രകാരം ഐ.എ.വൈ. പ്ലാൻ അക്കൗണ്ടിൽ വർഷാവസാനത്തിൽ 3,00,80,019/- രൂപ നീക്കിയിരിപ്പുണ്ട്.

12.04.2006-ലെ സ.ഉ.(ആ)177/06 ഉത്തരവ് പ്രകാരം ഡി.ഡി. ആയി പിൻവലിക്കുന്ന തുകകൾ 30 ദിവസത്തിനകം വിതരണം ചെയ്യേണ്ടതും അല്ലാത്ത പക്ഷം കൺസോളിഡേറ്റഡ് ഫണ്ടിൽ തിരികെ അടവാക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. അതേസമയം സംയുക്ത പ്രോജക്ടുകൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് 7/17 പ്രകാരം കാഷ് ബുക്കിൽ 31.03.17-ന് ചെലവു രേഖപ്പെടുത്തിയ സംഖ്യകൾ ഒഴികെ ബാക്കിയുള്ള തുകകൾ അതാത് സ്ഥാപനങ്ങൾക്ക് തിരികെ നൽകുകയോ, കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കി വിവരം നൽകുകയോ ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മേൽ നിർദ്ദേശങ്ങൾ പാലിച്ചതായി കാണുന്നില്ല.

ഭവന നിർമ്മാണം പൂർത്തീകരിച്ച് വരുന്ന ഗുണഭോക്താക്കൾക്ക് തുക ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാനാണ് പ്രോജക്ട് പ്രകാരം പിൻവലിച്ച തുകയും, വിവിധ തദ്ദേശ സ്ഥാപനങ്ങൾ പദ്ധതി നടത്തിപ്പിനായി നൽകിയ തുക ടി.എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനു പകരം പ്ലാൻ അക്കൗണ്ടിൽ നിക്ഷേപിച്ചതെന്ന് ഓഡിറ്റ് എൻകൃയറിയ്ക്ക് മറുപടി നൽകുകയുണ്ടായി. ബ്ലോക്ക് പഞ്ചായത്തിന്റെ കണക്കു പ്രകാരം 31.03.17-ന് നീക്കിയിരിപ്പുള്ള സംഖ്യയുടെ വിവരം താഴെ പറയും പ്രകാരമാണ്.

ഗ്രാമപഞ്ചായത്തുകൾ നൽകിയതിൽ ബാക്കി	92,46,952/-
ജില്ലാപഞ്ചായത്ത് നൽകിയതിൽ ബാക്കി	1,03,87,654/-
ബ്ലോക്ക് പഞ്ചായത്ത് പിൻവലിച്ചതിൽ ബാക്കി	1,04,45,413/-
ആകെ	3,00,80,019/-

ബ്ലോക്ക് പഞ്ചായത്ത് വിവിധ ഗുണഭോക്താക്കൾക്ക് അക്കൗണ്ട് വഴി ട്രാൻസ്ഫർ ചെയ്ത തുകയുടെ ട്രഷറി

സാക്ഷ്യപ്പെടുത്തിയ വിശദാംശങ്ങൾ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. നിലവിൽ 31.10.17-ന് ഐ.എ.വൈ. പ്ലാൻ അക്കൗണ്ടിൽ 1,73,92,461/- രൂപ നീക്കിയിരിപ്പുള്ളതായി കാണുന്നുണ്ട്. ഗുണഭോക്താക്കൾക്ക് നൽകുന്നതിനായി സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ട്രഷറിയിൽ നിന്നും വർഷാവസാനത്തിൽ പിൻവലിച്ച് സെക്രട്ടറിയുടെ ഐ.എ.വൈ. അക്കൗണ്ടിൽ നിക്ഷേപിച്ചത് ക്രമപ്രകാരമല്ല. സാമ്പത്തിക അച്ചടക്കം സംബന്ധിച്ച സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതും പിൻവലിച്ച/ലഭിച്ച തുകയിൽ വിതരണം ചെയ്യാതെ അവശേഷിക്കുന്ന തുകകൾ പലിശ സഹിതം കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെ അടവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

3-8 കൃഷി അസിസ്റ്റന്റ് ഡയറക്ടർ നടപ്പാക്കിയ പദ്ധതികൾ, രേഖകൾ പൂർണ്ണമായി ലഭ്യമാക്കിയില്ല

കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ വിവിധ പദ്ധതികളിൽ ആവശ്യമായ മുഴുവൻ രേഖകളും ഫയലിൽ ലഭ്യമല്ല. കാർഷിക വികസനത്തിനായി വകയിരുത്തിയ തുകയുടെ ചെറിയൊരു ശതമാനം മാത്രമാണ് സാമ്പത്തിക വർഷത്തിൽ ചെലവഴിച്ചിട്ടുള്ളത്. അപാകതകളെ സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

ക്രമ നമ്പർ	പ്രോജക്ട് നമ്പർ/ പേര്	ചെലവ് തുക	നൽകിയത്	കുറിപ്പുകൾ
1	15/17/ പച്ചക്കറി കൃഷി	1,04,500/-	19 സംഘങ്ങൾക്ക് @5500 വീതം ധനസഹായം	സംഘങ്ങളുടെ കാർഷിക രജിസ്ട്രേഷൻ, കരാർ, പർച്ചേയ്സ് ബില്ലുകൾ, സംഘങ്ങളെ പഞ്ചായത്ത് ഗ്രാമസഭ, ഭരണ സമിതി അംഗീകരിച്ചതിന്റെ വിവരം എന്നിവ ഇല്ല.
2	65/17/ വനിതാ ഗ്രൂപ്പുകൾക്ക് ഇടവിള കൃഷി	81,000/-	6 ഗ്രൂപ്പുകൾക്ക് 13500/- രൂപ വീതം ധനസഹായം	വി.എഫ്.പി.സി.കെ.യിൽ നിന്നും നടീൽ വസ്തുക്കൾ വാങ്ങിയതിന്റെ ബിൽ, വിതരണ സ്റ്റേറ്റ്മെന്റ്, മോണിറ്ററിങ്ങ് റിപ്പോർട്ട്, ഡോക്യുമെന്റേഷൻ ഡീറ്റെയിൽസ് എന്നിവ ഇല്ല.
3	63/17/ പയർ വിത്ത് വിതരണം	1,75,500/-	50 കൃഷി ഗ്രൂപ്പുകൾക്ക് 5 കി.ഗ്രാം. വീതം പയർ വിത്ത് വിതരണം	വി.എഫ്.പി.സി.കെ.യിൽ നിന്നും നടീൽ വസ്തുക്കൾ വാങ്ങിയതിന്റെ ബിൽ, വിതരണ സ്റ്റേറ്റ്മെന്റ്, മോണിറ്ററിങ്ങ് റിപ്പോർട്ട്, ഡോക്യുമെന്റേഷൻ ഡീറ്റെയിൽസ് എന്നിവ ഇല്ല.
4	14/17/ നാളികേര ഫെഡറേഷനുകൾക്ക് തെങ്ങിൻ തൈ വിതരണം	1,45,575/-	4 നാളികേര ഫെഡറേഷനുകൾക്ക് തെങ്ങിൻ തൈ വാങ്ങിയതിന് 75% സബ്സിഡി നൽകൽ	മതിലകം, എടത്തിരുത്തി ഫെഡറേഷനുകളുടെ രജിസ്ട്രേഷൻ രേഖകൾ, എടത്തിരുത്തി ഫെഡറേഷന്റെ വിതരണ സ്റ്റേറ്റ്മെന്റ് 75% സബ്സിഡി നിരക്കിൽ തൈകൾ കർഷകർക്ക് വിതരണം ചെയ്യുന്നതിന് ഫെഡറേഷനുമായി

				ഉണ്ടാക്കിയ കരാർ, മോണിറ്ററിങ്ങ് റിപ്പോർട്ട് എന്നിവ ഇല്ല.
	ആകെ	5,06,575/-		

മേൽ പ്രകാരം സൂചിപ്പിച്ച അപാകതകൾക്ക് മറുപടി നല്കണമെന്ന് ആവശ്യപ്പെട്ട് 14-11-17ന് 9-ാം നമ്പറായി ഓഡിറ്റ് എൻക്വയറി നല്കിയെങ്കിലും, മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവു തുക 506575 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3-9 മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതികൾ - വാങ്ങലുകളിൽ സർക്കാർ നിർദ്ദേശം പാലിക്കാത്തത്

ബ്ലോക്ക് പഞ്ചായത്തിന്റെ നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. പെരിഞ്ഞനം സാമ്പത്തിക വർഷത്തിൽ വിവിധ പദ്ധതികളിലായി വാങ്ങലുകൾ നടത്തിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പദ്ധതി വിഹിതം ഉപയോഗിച്ച് നടത്തുന്ന വാങ്ങലുകൾക്ക് ബാധകമായ 08.11.2010-ലെ സ.ഉ.(പി)259/10 ത.സ്വ.ഭ.വ. ഉത്തരവിലെ നിർദ്ദേശങ്ങൾ മേൽ പ്രകാരമുള്ള വാങ്ങലുകളിൽ പാലിച്ചിട്ടില്ലായെന്നു കണ്ടു. വാങ്ങിയ വിവിധ ഉപകരണങ്ങൾക്ക് വാറണ്ടി/ തുടർ സേവനം സംബന്ധിച്ച് കരാറിലേർപ്പെടുകയോ വാങ്ങലുകൾക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നമ്പർ	പ്രോജക്ട് നമ്പർ/ പേര്	ചെലവു തുക/ ബിൽ നമ്പർ	കുറിപ്പുകൾ
1	55/17/ ഹീമറ്റോളജി അനലൈസർ	2,25,645/-/ ബിൽ നമ്പർ ലഭ്യമല്ല	കെ.എം.എസ്.സി.എൽ.മായി റണ്ണിങ്ങ് കോൺടാക്ട് ഉള്ള സ്ഥാപനത്തിൽ നിന്നും വാങ്ങി. കരാർ ഇല്ല. വാറണ്ടി/ എ.എം.സി. വിവരങ്ങൾ ലഭ്യമല്ല. ടെണ്ടർ നടപടി സ്വീകരിച്ചിട്ടില്ല.
2	SO 68/17/ സി.എച്ച്.സി. പെരിഞ്ഞനത്തേക്ക് ഇൻവെർട്ടർ വാങ്ങൽ	50,000/- / 116/15.12.16	ലിമിറ്റഡ് ടെണ്ടർ നടപടി സ്വീകരിച്ചിട്ടില്ല. വ്യത്യസ്ത ക്വട്ടേഷനുകളിൽ ഒരേ സ്ഥാപനത്തിൽ നിന്നും വാങ്ങി, വാറണ്ടി സംബന്ധിച്ച് കരാറിലേർപ്പെട്ടിട്ടില്ല.
	SO 132/17/ സി.എച്ച്.സി. പെരിഞ്ഞനത്തേക്ക് ഇൻവെർട്ടർ വാങ്ങൽ	24,000/-/ 183/14.03.17	
3	SO 82/17/ പി.എച്ച്.സി. പെരിഞ്ഞനത്തേക്ക് സി.സി. ടി.വി. ക്യാമറ സ്ഥാപിക്കൽ	1,00,000/-/ 112/30.11.16	ഓപ്പൺ ടെണ്ടർ സ്വീകരിച്ചിട്ടില്ല, വ്യത്യസ്ത ക്വട്ടേഷൻ വഴി ഒരേ സ്ഥാപനത്തിൽ നിന്നും വാങ്ങി, വാറണ്ടി സംബന്ധിച്ച് കരാറിലേർപ്പെട്ടിട്ടില്ല.
	SO 83/17/ പി.എച്ച്.സി. മാടവനയിലേക്ക് സി.സി. ടി.വി. ക്യാമറ സ്ഥാപിക്കൽ	80,000/-/ 113/30.11.16	

4	SO 72/17/ പി.എച്ച്.സി.യിലേക്ക് കസേര വാങ്ങൽ (പെരിഞ്ഞനം)	25,000/-/ 120/17.12.16	വ്യത്യസ്ത ക്വട്ടേഷൻ വഴി ഒരേ സ്ഥാപനത്തിൽ നിന്നും വാങ്ങി.
	SO 73/17/ പി.എച്ച്.സി.യിലേക്ക് കസേര വാങ്ങൽ (മാടവന)	25,000/-/ 121/17.12.16	
5	SO 74/17/ ഫോഗിങ്ങ് മെഷീൻ വാങ്ങൽ (പി.എച്ച്.സി. മാടവന)	80,000/-/ 144/25.01.17	ലിമിറ്റഡ് ടെണ്ടറിങ്ങ് നടപടി സ്വീകരിച്ചിട്ടില്ല. വാറണ്ടി സംബന്ധിച്ച് കരാറിലേർപ്പെട്ടിട്ടില്ല.
6	SO 71/17/ മാടവന ഫാർമസിയിലേക്ക് അക്കൗണ്ട് വാങ്ങൽ	49,060/-/ 115/15.12.16	കെ.എം.എസ്.സി.എൽ-മായി റണ്ണിങ്ങ് കോൺടാക്ട് ഉള്ള സ്ഥാപനത്തിൽ നിന്നും നേരിട്ട് വാങ്ങി, വാറണ്ടി, സർവ്വീസ് സംബന്ധിച്ച കരാറിലേർപ്പെട്ടിട്ടില്ല. എ.എം.സി. വിവരങ്ങൾ ലഭ്യമല്ല.
7	SO 115/17/ കമ്പ്യൂട്ടർ വാങ്ങൽ	33,000/-/ 143/25.01.17	വാറണ്ടി സംബന്ധിച്ച് കരാറിൽ ഏർപ്പെട്ടിട്ടില്ല. കമ്പ്യൂട്ടർ നാളിതുവരെ സ്ഥാപിച്ചിട്ടില്ല.

മേൽ സൂചിപ്പിച്ച അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും വാറണ്ടി സംബന്ധിച്ച് അതാതു സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെടേണ്ടതുമാണ്.

3-10 പാലിയേറ്റീവ് കെയർ ഉപകരണങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം

പ്രോജക്ട് നമ്പർ 129/17 പ്രകാരം പാലിയേറ്റീവ് കെയർ പദ്ധതിയിലുൾപ്പെടുത്തി ഉപകരണങ്ങൾ വാങ്ങുന്നതിന് 09.03.17-ലെ 114-ാം നമ്പർ പ്രൊഫോർമ ഇൻവോയ്സ് പ്രകാരം തുക നൽകുന്നതിന് ബിൽ നമ്പർ 185/30.03.17 ആയി 3,00,000/- രൂപ കെ.എം.എസ്.സി.എൽ.-ന് അക്കൗണ്ട് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ ഉപകരണങ്ങൾ പൂർണ്ണമായി കെ.എം.എസ്.സി.എൽ.-ൽ നിന്നും ലഭിച്ചിട്ടില്ല. ആയത് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

3-11 സി.സി. ടി.വി. ക്യാമറ നഷ്ടപ്പെട്ടത് - തുടർ നടപടി സ്വീകരിക്കണം

പെരിഞ്ഞനം പി.എച്ച്.സി.യിൽ പ്രോജക്ട് നമ്പർ 82/17ആയി ബിൽ നമ്പർ 112/30-11-16 പ്രകാരം 100000 രൂപ ചെലവിൽ സി.സി. ടി.വി. ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്.1എം.പി.എച്ച്.ഡി. 5 ബുള്ളറ്റ് ക്യാമറകളും 1.3 എം. പി.എച്ച്.ഡി. ക്യാമറ ഒരെണ്ണവും, 1.എം.പി. ഡോം ക്യാമറകൾ 8 എണ്ണവും വാങ്ങി സ്ഥാപിച്ചതിന് ഇൻടെക് വേൾഡ് എന്ന സ്ഥാപനത്തിന് തുക നൽകിയിട്ടുണ്ട്. എന്നാൽ 13.11.17-ന് സ്ഥാപനത്തിൽ വെച്ചു നടത്തിയ ഭൗതിക പരിശോധനയിൽ ലാബിന് എതിർവശത്തെ കെട്ടിടത്തിൽ സൺഷേഡിന് താഴെ സ്ഥാപിച്ചിരുന്ന ക്യാമറ നഷ്ടപ്പെട്ടതായി കണ്ടു. മാത്രമല്ല, മോണിറ്ററിങ്ങ് സ്ക്രീനിൽ ക്യാമറ നമ്പർ 5 പ്രവർത്തനക്ഷമമല്ലായെന്നും കണ്ടു.

പി.എച്ച്.സി. മാടവന, പി.എച്ച്.സി. പെരിഞ്ഞനം എന്നീ സ്ഥാപനങ്ങൾക്ക് സി.സി. ടി.വി. ക്യാമറ സ്ഥാപിക്കുന്നതിന് ടെണ്ടർ ക്ഷണിക്കാതെ വ്യത്യസ്ത ക്വട്ടേഷനുകൾ ക്ഷണിച്ച് ഒരേ സ്ഥാപനത്തിൽ നിന്നും വാങ്ങൽ നടത്തി ഒരേ തീയതിയിൽ തന്നെ തുക നൽകുകയുണ്ടായി. അതേസമയം ഇതേ കാലയളവിൽ തന്നെ ബ്ലോക്ക് പഞ്ചായത്തിലും സി.സി. ടി.വി. ക്യാമറ സ്ഥാപിക്കുകയുണ്ടായി. ടി നിരക്കുകളുമായി താരതമ്യം ചെയ്യുമ്പോൾ സി.എച്ച്.സി.യിൽ നടത്തിയ വാങ്ങലുകളിൽ നിരക്ക് കൂടുതലായി കാണുന്നുണ്ട്. ബ്ലോക്ക് പഞ്ചായത്തിൽ 2MP .എച്ച്.ഡി. ക്യാമറകൾ, 4 ടി.ബി. സ്റ്റോറേജ്, ഫിറ്റിങ്ങ് റേറ്റ് 53/മീറ്റർ എന്നിങ്ങനെയാണ്. എന്നാൽ മെഡിക്കൽ ഓഫീസർ നടത്തിയ പർച്ചേയ്സിൽ 1.എം.പി. ക്യാമറകൾ, 1.ടി.ബി. സ്റ്റോറേജ്, 65/മീറ്റർ ഫിറ്റിങ്ങ് ചാർജ്ജ് എന്നിങ്ങനെയാണ് നിരക്ക് കാണുന്നത്.

സ്ഥാപനത്തിൽ സ്ഥാപിച്ച സി.സി. ടി.വി.യ്ക്ക് വാറണ്ടി, എ.എം.സി. എന്നിവ ഉള്ളതായി കാണുന്നില്ല, ഇത് സംബന്ധിച്ച് കരാറിൽ ഏർപ്പെട്ടിട്ടില്ല. നിലവിൽ ക്യാമറ നമ്പർ 5 പ്രവർത്തനരഹിതവും, ഒരു ക്യാമറ നഷ്ടപ്പെട്ടതായും കാണുന്നു. ആയതിനാൽ പ്രവർത്തനരഹിതമായ ക്യാമറ പ്രവർത്തനക്ഷമമാക്കുന്നതിനും, വാറണ്ടി സംബന്ധിച്ച് കരാർ ചമക്കേണ്ടതും, നഷ്ടപ്പെട്ട ക്യാമറ സംബന്ധിച്ച നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതുമാണ്. വാങ്ങലുകളിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതും, സുതാര്യത ഉറപ്പു വരുത്തേണ്ടതുമാണ്.

3-12 അലോപ്പതി മരുന്നുകൾ കെ.എം.എസ്.സി.എൽ.-ൽ നിന്നും വാങ്ങുന്നതിന് നടപടി സ്വീകരിക്കണം

ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കിയ SO24/17, 36/17 എന്നീ പ്രോജക്ടുകളിലായി മാടവന, പെരിഞ്ഞനം എന്നീ പി.എച്ച്.സി.കളിലേക്ക് അലോപ്പതി മരുന്നുകൾ വാങ്ങുന്നതിന് സാമ്പത്തിക വർഷത്തിൽ 4 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതിരേഖാ മാർഗ്ഗ നിർദ്ദേശങ്ങൾ സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച 11-01-2016ലെ 4/16/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം അലോപ്പതി മരുന്നുകൾ നിർബന്ധമായും കെ.എം.എസ്.സി.എൽ.-ൽ നിന്നും വാങ്ങണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. അടിയന്തിരഘട്ടങ്ങളിൽ സംരക്ഷണ ഗ്രാന്റ് വിനിയോഗിച്ച് തൊട്ടടുത്ത നീതി സ്റ്റോർ മാവേലി സ്റ്റോർ എന്നിവിടങ്ങളിൽ മരുന്നുകൾ വാങ്ങുന്നതിന് ജി.ഒ.(എം.എസ്.)71/2008 /ത.സ്വ.ഭ.വ. ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും പ്ലാൻ ഫണ്ട് വിനിയോഗിക്കുന്നതിന് മേൽ ഉത്തരവ് ബാധകമല്ലാത്തതാണ്. എന്നാൽ മേൽ രണ്ട് പ്രോജക്ടുകളിലും ആവശ്യമായ മുഴുവൻ മരുന്നുകളും സപ്ലൈകോ ഔട്ട് ലെറ്റിൽ നിന്നും വാങ്ങി കാണുന്നു. മരുന്നുകൾ ലഭിക്കുന്നതിലുള്ള കാലതാമസം മൂലമാണ് സപ്ലൈകോയിൽ നിന്നും മരുന്നുകൾ വാങ്ങുന്നതെന്ന് മെഡിക്കൽ ഓഫീസർ അറിയിച്ചു. എന്നാൽ താരതമ്യേന വിലക്കുറവിൽ ലഭിക്കുന്ന ജനറിക് മരുന്നുകൾക്ക് പകരം വില കൂടിയ ബ്രാൻഡഡ് മരുന്നുകൾ സപ്ലൈകോയിൽ നിന്നും വാങ്ങി കാണുന്നു. ഇതുമൂലം കൂടുതൽ പേർക്ക് മരുന്നുകൾ വിതരണം ചെയ്യാൻ സാധിക്കാതെ വരികയും കൂടുതൽ തുക മരുന്നിനായി തദ്ദേശസ്വയംഭരണ സ്ഥാപനം വകയിരുത്തേണ്ട സാഹചര്യം ഉണ്ടാവുകയും ചെയ്യുന്നു. ആയതിനാൽ സർക്കാർ നിർദ്ദേശിച്ചതു പ്രകാരം കെ.എം.എസ്.സി.എൽ.-ൽ നിന്നും മരുന്നുകൾ വാങ്ങുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം കെ.എം.എസ്.സി.എൽ.-ന്റെ നിരക്കിലുള്ള ജനറിക് മരുന്നുകൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

3-13 സയൻസ് പാർക്ക് ചുറ്റുമതിൽ നിർമാണം -അപാകതകൾ പരിഹരിച്ചിട്ടില്ല,പിഴ ഈടാക്കിയിട്ടില്ല.

(എ). ബ്ളോക്ക് പഞ്ചായത്തിന്റെ 2015-16ലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-5 ൽ സൗജന്യമായി ലഭിച്ചഎടത്തിരുത്തി ഗ്രാമപഞ്ചായത്തിലെ സർവെ നം.16/11,202/2 50സെന്റ് സ്ഥലത്ത് ISRO സ്ഥിരം പ്രദർശനകേന്ദ്രത്തിനുവേണ്ടി ചുറ്റുമതിൽ നിർമാണത്തിനായി 2008ലെ തണ്ണീർത്തടനെൽവയൽനിയമത്തിൽഡനിന്നും വ്യതിചലിച്ച് നെൽവയൽ നികത്തിയതായി പരാമർശിച്ചിരുന്നു.ക്ഷമതയുള്ള അധികാരകേന്ദ്രത്തിൽനിന്നും അനുമതി വാങ്ങണമെന്ന് ടി-ഓഡിറ്റ് റിപ്പോർട്ടിൽ

നിർദേശിച്ചിരുന്നുവെങ്കിലും ആയതിനുള്ള നടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടില്ല.

നിർമാണപ്രവർത്തനങ്ങൾ നടത്തുന്നതിന് കേരള പഞ്ചായത്ത് രാജ് കെട്ടിടനിർമാണചട്ടങ്ങൾഅനുസരിച്ച് എടത്തിരുത്തി ഗ്രാമപഞ്ചായത്തിൽനിന്നുള്ള അനുമതി, ക്രമവൽകരണം എന്നിവ ഇതുവരെയും വാങ്ങിയിട്ടില്ല.

ആസ്ഥിരജിസ്റ്ററിൽ പ്രസ്തുത സ്ഥലം ഇതുവരെയും ഉൾപ്പെടുത്തിയിട്ടില്ല.നിർമാണപ്രവർത്തനം നടന്ന സ്ഥലം കാർഷികനിലങ്ങളുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതാണോ എന്നുള്ള വിവരം ഇതുവരെയും പരിശോധന നടത്തി കണ്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് 172ാം വകുപ്പ്1ാം ഉപവകുപ്പ് പ്രകാരം പ്രസ്തുതനിർമാണ പ്രവൃത്തി ,ബ്ളോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപെടുന്ന ഒന്നല്ല. സംസ്ഥാന ഗ്രാമവികസന കമ്മീഷണറുടെ 22999/DP4/13CDR /12/6/14 പ്രകാരം ചുമതലയിൽ ഉൾപ്പെടാത്ത പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്നത് ശരിയല്ല എന്ന് സൂചിപ്പിച്ചിട്ടുണ്ട്. ഭാവിയിൽ തുടർപ്രവർത്തനങ്ങൾ തടസ്സപ്പെട്ടാലോ , ഇല്ലാതെവന്നാലോ ഇത് ബാദ്ധ്യതയായിത്തീരുന്നതാണ്.

മേൽപ്പറഞ്ഞ അപാകതകൾ കുറ്റമറ്റ രീതിയിൽ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

പിഴ ഈടാക്കിയിട്ടില്ല

കരാറുകാരനായ പി.എ.മുഹമ്മദ് സഗീറുമായി(പുന്നിലത്ത് ഹൗസ് ,പി.ഒ.കൂളിമുട്ടം) ചമച്ച കരാറിലെ (no.22/AEE /LSGD/15-16////10/9/15) ലെ ആറാം നിബന്ധനയനുസരിച്ച് മുൻകൂട്ടി കാണാൻ കഴിയാത്ത കാരണത്താൽ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയാത്തപക്ഷം കരാർ കാലയളവിന്റെ 20% അധികസമയം അനുവദിക്കാവുന്നതാണ്.31/3/16 ന് പൂർത്തീകരിക്കേണ്ട ഈ പ്രവൃത്തി പൂർത്തീകരിച്ചിരിക്കുന്നത് 1/6/16 ലാണ്.പ്രവൃത്തി വൈകിയതിന് കരാറുകാരൻ കാരണം കാണിക്കുകയോ,കാലാവധി നീട്ടി അനുവദിക്കണമെന്ന് അപേക്ഷിക്കുകയോ കാലാവധി നീട്ടി അനുവദിക്കുകയോ ചെയ്തിട്ടില്ല.അനുബന്ധകരാർ ചമക്കാതെയാണ് കരാറുകാരന് അന്തിമബിൽ അനുവദിച്ചത്.കരാറിലെ ആറാം നിബന്ധനയനുസരിച്ച് പ്രവൃത്തി പൂർത്തീകരിക്കുന്നതിനായി അധികമെടുക്കുന്ന ആദ്യ മൂന്ന് മാസത്തിന് കരാർ തുകയുടെ ഒരു ശതമാനം പലിശ ഈടാക്കേണ്ടതാണ്.പ്രവൃത്തി രണ്ട് മാസം വൈകി പൂർത്തീകരിച്ചതിനാൽ കരാർതുകയായ 1495683 രൂപയുടെ ഒരു ശതമാനം ആയ 9971 രൂപ കരാറുകാരനിൽനിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ചെലവുവിവരങ്ങൾ-ബിൽ നം.47/16/31/316-800000

ചെക്ക്നം.5962090/31/316-10112

ചെക്ക്നം.1961600/24/11/16-583721

അളവുപുസ്തകം-30/14-15

അപാകതകൾ സംബന്ധിച്ച് 14-11-17 നല്കിയ 6-ാം നമ്പർ ഓഡിറ്റ് എൻകൃയറിയ്ക്ക് മറുപടി നല്കിയിട്ടില്ല.

3-14 ക്ഷീരവികസന ഓഫീസർ നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

1.പ്രൊജക്ട് നം.-7/17,വനിതാഗ്രൂപുകൾക്ക് ഗോദാനം

അടങ്കൽ തുക-1500000 (വികസനഫണ്ട്)

1500000 (ധനകാര്യസ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ)

ആകെ 3000000

ചെലവ്

ബിൽസീരിയൽ നം.8/30/3/17-604000 (4000 രൂപ പലവക ചെലവുകൾ)

മേൽപദ്ധതി പ്രകാരം 4 സ്വയം സഹായസംഘങ്ങൾക്ക് 150000 രൂപ വീതം സബ്സിഡിയായി ബാങ്ക് അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്.

ബ്ളോക്ക് പഞ്ചായത്ത് നടത്തുന്ന ഈ പദ്ധതി വ്യക്ത്യാധിഷ്ഠിതമല്ല, മറിച്ച് ഗ്രൂപ്പ് ആണ് ഗുണഭോക്താക്കളായി വരുന്നത് .എന്നാൽ ഗ്രൂപ്പിലെ ഓരോ ഗുണഭോക്താവും പശുവിന്റെ ഉടമസ്ഥരിൽനിന്ന് നേരിട്ട് വാങ്ങലായിരുന്നു ശരിയായ രീതി.

ഗുണഭോക്താക്കൾ ചമച്ചിട്ടുള്ള കരാറിൽ പശുക്കളെ മൂന്ന് വർഷം പരിപാലിച്ചുകൊള്ളാമെന്ന് സമ്മതിച്ചിട്ടുണ്ട്. പക്ഷെ പല ഗുണഭോക്താക്കളും പശുക്കളെ വാങ്ങിയിട്ടുള്ളത് കരാർ ചമച്ച ശേഷമാണ്.

ജ്യോതിസ്സ് സ്വയം സഹായസംഘം എടവിലങ്ങ് ബാങ്ക് അക്കൗണ്ട് പാസ്സ് ബുക്ക് ഹാജരാക്കിയിട്ടില്ല.മറ്റ് മൂന്ന് സംഘങ്ങൾ ബാങ്ക് പാസ്സ് ബുക്കിന്റെ ഫോട്ടോസ്റ്റാറ്റ് പകർപ്പാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്.

വായ്പ അനുവദിച്ച പാപ്പിനിവട്ടം സർവീസ് സഹകരണബാങ്ക് സബ്സിഡി തുകക്ക് കൂടി പലിശ ഈടാക്കികാണുന്നു.36 മാസത്തെ കാലാവധിയുള്ള വായ്പയുടെ പലിശനിരക്ക് പാസ്സ് ബുക്കിൽ കാണിച്ചിട്ടില്ല.
മേൽ അപാകതകൾ സംബന്ധിച്ച് 14-11-17ന് നല്കിയ 1-ാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആപാകതകൾ സംബന്ധിച്ച് എത്രയും വേഗം വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

3-15 പാൽസൊസൈറ്റിയിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക് സബ്സിഡി(സംയുക്ത പ്രൊജക്ട്) -വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

പ്രൊജക്ട് നം.88/17, അടങ്കൽ-900000 വികസനഫണ്ട് ജനറൽ

പാൽ സൊസൈറ്റികളിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക് സബ്സിഡി നൽകുന്നതിന്റെ ഭാഗമായി വിവിധ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് താഴെകാണിക്കും പ്രകാരം തുകകൈമാറിയിട്ടുണ്ടെങ്കിലും വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.ചെലവു തുക തടസ്സപ്പെടുത്തുന്നു.

ബിൽ സീരിയൽ നമ്പർ	തുക	അനുവദിച്ച വിവരം
1/16-17/ 9/3/17	150000	സെക്രട്ടറി, പെരിഞ്ഞനം ഗ്രാമപഞ്ചായത്ത്
3/16-17/ 9-3-17	150000	സെക്രട്ടറി, മതിലകം ഗ്രാമപഞ്ചായത്ത്
4/16-17/ 18/3/17	400000	എടവിലങ്ങ്, ശ്രീനാരായണപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് 200000 രൂപ വീതം
6/16-17/ 29/03/17	199799	പെരിഞ്ഞനം ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് 50000 രൂപ, എടത്തിരുത്തി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് 149799 രൂപ
ആകെ	899799	

3-16 ക്ഷീരകർഷകർക്ക് കാലിത്തീറ്റ സബ്സിഡി -വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

പ്രൊജക്ട് നം.130/17, അടങ്കൽ-350000-ഗ്രാമപഞ്ചായത്ത് വികസനഫണ്ട്

150000 - ബ്ളോക്ക് പഞ്ചായത്ത് വിഹിതം

ആകെ 500000

മേൽ പദ്ധതിയുടെ ഭാഗമായി കൈപ്പമംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് ബിൽ നം.5/16-17/23/3/17 പ്രകാരം 150000 രൂപ നൽകിയെങ്കിലും ആയതിന്റെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കുന്നതിവരെ 150000 രൂപ തടസ്സപ്പെടുത്തുന്നു.

3-17 ബഡ്സ് സ്കൂൾ നിർമാണം -ബ്ളോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപെടുന്നതല്ല.

പ്രൊജക്ട് നം.45/17, അടങ്കൽ 1300000 - വികസനഫണ്ട് -ജനറൽ

കരാറുകാരൻ – ശ്രീ. രഞ്ജിത്ത് .റ്റി.

കരാർ-6/AEE/LSGD/16-17/19/12/16

അളവുപുസ്തകം-15/16-17,56/16-17,47/16-17

ബിൽ നം.18/17/30/3/17-689051

12ാം പഞ്ചവൽസരപദ്ധതി സബ്സിഡിമാർഗരേഖ(GO(MS)362/13/LSGD/16/11/13) പ്രകാരം ബഡ്സ് സ്കൂൾ ഇല്ലാത്ത സ്ഥലത്ത് ഗ്രാമപഞ്ചായത്തുകളിൽ ആയത് ഗ്രാമപഞ്ചായത്തുകൾ സ്ഥാപിക്കേണ്ടതാണ്. മാത്രമല്ല 1994 ലെ കേരള പഞ്ചായത്ത് രാജ് 172 ാം വകുപ്പ് 1ാം ഉപവകുപ്പ് പ്രകാരം ഇത് ബ്ളോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപെടുന്ന നിർമാണവുമല്ല.

1217200 രൂപ ചെലവിൽ 13/6/17ന് പൂർത്തീകരിച്ച ഈ കെട്ടിടം 10/11/17 ന് ബ്ളോക്ക് പഞ്ചായത്തിലെ അസി.എൻജിനീയർ ശ്രീമതി.കെ.സി.ബിന്ദുവിന്റെ സാന്നിദ്ധ്യത്തിൽ സ്ഥലപരിശോധന നടത്തിയപ്പോൾ കെട്ടിടത്തിന് ചുറ്റും പുല്ലുകൾ വളർന്നുനിന്നതിനാൽ കെട്ടിടത്തിലേക്ക് പ്രവേശിക്കുവാൻ കഴിഞ്ഞില്ല.നല്ല രീതിയിൽ നിർമിച്ച ഈ കെട്ടിടത്തിൽ വൈദ്യുതി എത്തിയിട്ടില്ല.12ാം പഞ്ചവൽസരപദ്ധതിയുടെ പുതുക്കിയ മാർഗരേഖ (GO(MS)4/16/LSGD/11/1/16) യിലെ നിബന്ധന 6.15X (C)അനുസരിച്ച് ഒരു കെട്ടിടനിർമാണം നടത്തുമ്പോൾ ആ കെട്ടിടം ഉപയോഗിക്കാനാവശ്യമായ എല്ലാ പ്രവൃത്തികളും അടങ്കലിൽ ഉൾപെടുത്തണം.വൈദ്യുതീകരണത്തിനുള്ള തുക ലംപ്സം ആയി വകയിരുത്തണം എന്ന് നിർദേശിച്ചിട്ടുണ്ടെങ്കിലും കെട്ടിടനിർമാണപ്രൊജക്ടിന്റെ അടങ്കലിൽ വൈദ്യുതീകരണത്തിന് തുക വകയിരുത്തിയിട്ടില്ല.

1999-2000 വർഷം അറവുശാല പണിയുന്നതിന് വേണ്ടി വാങ്ങിയ സ്ഥലത്താണ്(99-2000വർഷത്തെഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക3-4) പ്രസ്തുത കെട്ടിനിർമാണം നടത്തിയിട്ടുള്ളത്.1999-2000 ൽ സ്ഥലം വാങ്ങുന്നതിനായി പ്രൊജക്ട് തയ്യാറാക്കിയപ്പോൾ 2000-2001 ൽ അറവുശാല പൂർത്തീകരിക്കുമ്പോൾ പ്രതിവർഷം 400000രൂപ വരുമാനം പ്രതീക്ഷിച്ചെങ്കിലും പ്രസ്തുതസ്ഥലത്ത് ആസ്തികളൊന്നും സൃഷ്ടിക്കുവാൻ കഴിയാതിരുന്നതുമാണ്. പുതുതായി നിർമിച്ച ഈ കെട്ടിടം ആസ്തിരജിസ്റ്ററിൽ ഉൾപെട്ടിട്ടുമില്ല.

ആയതിനാൽ പ്രസ്തുത കെട്ടിടവും നിഷ്ക്രിയാസ്തിയായി പോകാത്തവിധംഎത്രയും വേഗം പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-18 വയോജനവിശ്രമകേന്ദ്രം ഉപയോഗപ്പെടുത്തിയിട്ടില്ല

പ്രൊജക്ട് നം.80/17, അടങ്കൽ 840000രൂപ,വികസനഫണ്ട് ജനറൽ

കരാറുകാരൻ -ശ്രീ.കെ.ബി സത്യൻ

കരാർ-26/AEE/LSGD/16-17/13/1/17

അളവുപുസ്തകം -52/15-16,24/16-17

ബിൽ നം.-16/17/30/3/17-849485

26/3/17 ന് പൂർത്തീകരിച്ച ഈ കെട്ടിടത്തിന്ചുറ്റും പുല്ലുകൾ വളർന്നുനിൽക്കുകയാണ്.കെട്ടിടത്തിൽ വൈദ്യുതി എത്തിയിട്ടില്ല.നല്ല രീതിയിൽ പൂർത്തീകരിച്ച ഈ കെട്ടിടവും ഉപയുക്തമാക്കുവാനുള്ള സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.(1999-2000 വർഷത്തിൽ അറവുശാല പണിയുന്നതിനായി വാങ്ങിയ സ്ഥലത്തുതന്നെയാണ് ഈ കെട്ടിടവും പണിതിരിക്കുന്നത്.)ഈകെട്ടിടവും ആസ്തിരജിസ്റ്ററിൽ ഉൾപെട്ടിട്ടില്ല. ആയതും ചെയ്യേണ്ടതാണ്.

3-19 വ്യവസായവികസന ഓഫീസർ പ്രൊജക്ടുകൾ നടപ്പിലാക്കിയില്ല

സാമ്പത്തിക വർഷം അഞ്ച് പ്രൊജക്ടുകളിലായി 5255000 രൂപ അടങ്കൽ വകയിരുത്തിയെങ്കിലും ഒരു പ്രൊജക്ടുപോലും നടപ്പാക്കുവാൻ കഴിഞ്ഞില്ല.

ഗ്രാമീണമേഖലയിൽ തൊഴിൽസാദ്ധ്യതകൾ വർദ്ധിപ്പിക്കാൻ ഉതകുന്നതാണ് വ്യവസായമേഖലാപ്രൊക്ടുകൾ അവ നടപ്പാക്കാത്തത് തൊഴിൽ രംഗത്തും സാമ്പത്തികമേഖലിലും മാന്ദ്യം സൃഷ്ടിക്കുന്നതാണ്.

ആയതിനാൽ ആവിഷ്കരിക്കുന്ന പദ്ധതികൾ എല്ലാം തന്നെ നടപ്പിലാക്കുവാൻ ഭാവിയിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതും സാമ്പത്തികവർഷം പദ്ധതി നടപ്പിലാക്കാത്തതിന്റെ കാരണം വിശദമാക്കേണ്ടതുമാണ്.

3-20 ഇ-ടെണ്ടർ–മാതൃകാപരം,ലാഭകരം,അഭിനന്ദനീയം

സാമ്പത്തികവർഷം ബ്ളോക്ക് പഞ്ചായത്ത് ഇ-ടെണ്ടർ മുഖേനനടത്തിയ 12പ്രവത്തികൾ വളരെയധികരം മത്സരാധിഷ്ഠിതസ്വഭാവം പുലർത്തുകയുണ്ടായി.നാലു പ്രവത്തികൾക്ക് ഒന്നേകാൽ ലക്ഷത്തിലേറെ ടെണ്ടർ കുറവി രേഖപ്പെടുത്തി.ബ്ളോക്ക് പഞ്ചായത്ത് പരിധിയിലെ ഗ്രാമപഞ്ചായത്തുകളിലോ,മറ്റ് ത.സ്വ.ഭ.വ. സ്ഥാനങ്ങളിലൊ ഇത്തരം മത്സരസ്വഭാവമുള്ള ടെണ്ടറുകൾ സാമ്പത്തികവർഷം കണ്ടിട്ടില്ല.ഇതുസംബന്ധിച്ച വിവരം ചുവടെ കൊടുക്കുന്നു.

ക്രമ നം.	പ്രവത്തി, അടങ്കൽ	രേഖപ്പെടുത്തിയ നിരക്ക്
1.	പറയൻകടവ്-മധുരംപ്ള്ളി റോഡ്,500000	423223
2.	മെറ്റലിങ്,ടാറിങ്-പീപ്പിൾസ് റോഡ്,500000	374035
3.	പ്രാറിയാട് കോളനിറോഡ് പുനരുദ്ധാരണം,500000	379254
4.	കളരിപ്പറമ്പ് അംഗൻവാടിറോഡ്, രൂപകരണം,900000	675466.79
5.	പെരിഞ്ഞനം ഗ്രാമപഞ്ചായത്തിൽ കൾവെർട്ട് നിർമാണം,500000	381759
6.	പപ്പടം കോളനി പുനരുദ്ധാരണം,500000	369262.60
7.	പൊന്നാംപടി കോളനി റോഡ് ,500000	379333.80
8.	നൊയ്തീൻകുട്ടി റോഡ് റീടാറിങ്,500000	425962.95

9.	നെൽപിണി ഇരുപത്തഞ്ചത്തഞ്ട്ാം കല്ല ലിങ്ക് റോഡ് ,500000	374204
10.	രാജരാരാജേശ്വരി ക്ഷേദത്രത്തിന് സമീപം കാന നിർമാണം,500000	379265.54
11.	നേതാജി റോഡ്,5000000	372309
12.	ഹൈസ്കൂൾ റോഡ്,500000	372670

മറ്റ് ത.സ്വ.ഭ.വ. സ്ഥാപനങ്ങൾക്ക് മാതൃകാപരമായ ഈ ഇ-ടെണ്ടർ നടപടി വളരെയധികം അഭിനന്ദനമർഹിക്കുന്നു.

3-21 മൂഗാശ്രുപത്രികൾക്ക് മരുന്ന് വാങ്ങി നൽകിയത്-ബ്ളോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപെടുന്നതല്ല

നി.ഉദ്യോഗസ്ഥൻ-സീ.വെറ്റിറിനറി സർജൻ,മതിലകം ഗ്രാമപഞ്ചായത്ത്

ബിൽ നം.1/16-17/18/3/17-699999

ബിൽ നം. 2/16-17/18-03-17- 99986

ആകെ 799985

1994 ലെ കേരളാപഞ്ചായത്ത് രാജ് നിയമം 172ാം വകുപ്പ്1ാം ഉപവകുപ്പ് പ്രകാരം വെറ്റിറിനറി പോളിക്ളീനിക്കുകൾ നടത്തുക,മൂഗസംരക്ഷണത്തിൽ വിദഗ്ധ സേവനം നടത്തുക,കന്നുകാലി,കോഴിചന്തകൾ നടത്തുക എന്നവയാണ് ബ്ളോക്ക് പഞ്ചായത്തിന്റെ ചുമതലകൾ.എന്നാൽ മതിലകം മൂഗാശ്രുപത്രിയിലെ സീ.വെറ്റിറിനറി സർജൻ മേൽകാണിച്ചതുപ്രകാരം പ്രൊജക്ട് നടപ്പിലാക്കിയത് ബ്ളോക്ക് പഞ്ചായത്തുകളുടെ ചുമതലയിൽപ്പെടാത്ത കാര്യമാണ്.

ഇത് സംബന്ധിച്ച് 14/11/17 ന് നൽകിയ 2 നം. ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ ഗ്രാമപഞ്ചായത്തിൽ വെറ്റിറിനറി പോളിക്ളീനിക്കുകൾ ഇല്ലാത്തതിനാലും ബ്ളോക്ക് പഞ്ചായത്തിന്റെ തീരുമാനപ്രകാരമാണ് പദ്ധതി നടപ്പാക്കിയതെന്നും ഭാവിയിൽ ഇത്തരം പദ്ധതികൾ ഒഴിവാക്കുമെന്നും അറിയിച്ചിട്ടുണ്ട്.ആയത് തുടർന്നുള്ള ഓഡിറ്റിൽ വിലയിരുത്തുന്നതാണ്.

ഭാഗം-4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രോജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
Edavilangu	2016-17	65000	IAY 15-16 G.P. Share (2 Nos.)	65000	0
Edavilangu	2016-17	31411	IAY 15-16 G.P. Share SC	31411	0

S.N. Puram	2016-17	97500	IAY 15-16 G.P. General	97500	0
Edathiruthy	2016-17	97500	IAY 15-16 G.P. General	97500	0
Mathilakam	2016-17	65000	IAY 15-16 G.P. General	65000	0
District Panchayat	2016-17	65000	IAY 15-16 G.P. General	65000	0
District Panchayat	2016-17	66000	IAY 15-16	66000	0
District Panchayat	2016-17	1225600	IAY 15-16 General	1113000	112000
District Panchayat	2016-17	299000	IAY 15-16 SC	159000	140000
Eriyad	2016-17	1340000	IAY 15-16 General	1340000	0
Kaipamangalam	2016-17	240000	PMAY 2016-17 General	220000	20000
Perinjanam	2016-17	400000	PMAY 2016-17 SC	200000	2000000
Perinjanam	2016-17	240000	PMAY 2016-17 General	220000	20000
Edavilangu	2016-17	200000	PMAY 2016-17 SC	0	200000
Edavilangu	2016-17	220000	PMAY 2016-17 General	180000	40000
Kaipamangalam	2016-17	225000	PMAY 2016-17 SC	225000	0
Kaipamangalam	2016-17	325000	IAY 15-16 SC	325000	0
Mathilakam	2016-17	650000	PMAY 2016-17 SC	350000	300000
District Panchayat	2016-17	2436000	PMAY 2016-17 General	2240000	196000
S.N. Puram	2016-17	275000	IAY 15-16 SC	225000	50000

District Panchayat	2016-17	2296000	PMAY 2016-17 SC	490000	1806000
S.N. Puram	2016-17	160000	PMAY 2016-17 SC	160000	0
Mathilakam	2016-17	225000	IAY 15-16 SC	175000	50000
Edathiruthy	2016-17	220000	PMAY 2016-17 General	120000	100000
Edathiruthy	2016-17	600000	IAY 15-16 SC	500000	100000
Edathiruthy	2016-17	360000	PMAY 2016-17 SC	160000	200000
District Panchayat	2016-17	1304000	PMAY 2016-17	900000	404000
District Panchayat	2016-17	971000	IAY 15-16 SC	900000	71000
Kaipamangalam	2016-17	225000	PMAY 2016-17 SC	25000	200000
Perinjanam	2016-17	275000	IAY 15-16 SC	200000	75000
Edavilangu	2016-17	200000	IAY 15-16 SC	200000	0
Edathiruthy	2016-17	240000	PMAY 2016-17 SC	200000	40000
Edathiruthy	2016-17	20000	PMAY 2016-17 General	20000	0
Eriyad	2016-17	160000	PMAY 2016-17 General	160000	0
Perinjanam	2016-17	270000	IAY 15-16 SC	200000	70000
Mathilakam	2016-17	240000	PMAY 2016-17 General	200000	40000
Edathiruthy	2016-17	40000	PMAY 2016-17 SC	40000	0
Kaipamangalam	2016-17	90000	PMAY 2016-17 SC	25000	65000

4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

നിർവ്വഹണ ഏജൻസി	പ്രവർത്തിയുടെ പേര്	വൗച്ചർ നം./ചെക്ക് നം.	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
PWD Electrical	കൊടുങ്ങല്ലൂർ ICDS ഓഫീസ് വയറിംഗ്		300000	264875	35125
KSEB	മതിലകം ADA ഓഫീസ് ഇലക്ട്രിഫിക്കേഷൻ		24370	24370	0
KWA	S.N. പുരം പോനിശ്ശേരി കോളനി സമഗ്ര നവീകരണം (സ്പിൽ ഓവർ)		156700	U.C. ലഭിച്ചിട്ടില്ല	156700

4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

4-4 വായ്പ/വായ്പ തിരിച്ചടവ്

വായ്പയുടെ പേര് ഉദ്ദേശ്യം	ഉത്തരവ് നമ്പർ/തീയതി	വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടക്കുവാൻ ബാക്കിയുണ്ടായിരുന്ന തുക	തൻ വർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടക്കുവാൻ ബാക്കിയുണ്ടായിരുന്ന തുക
				മുതൽ	പലിശ	
ഐ.എ.വൈ		2965504	679111	496177	3823	179111

4-5 സ്ഥിര നിക്ഷേപങ്ങൾ സംബന്ധിച്ച്

ഇല്ല

4-6 ഓഡിറ്റ് റിക്കവറി

ഇല്ല

4-7 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	71613796
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	73380383
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	9971
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	4003786

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	സർചാർജ് ചെയ്യാവുന്നവ	
3-13	9971	ഡി.ബിജു അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും
3-1	1099994	എം.കെ തങ്കമണി, പട്ടികജാതി വികസന ഓഫീസർ
3-2	450000	എം.കെ തങ്കമണി, പട്ടികജാതി വികസന ഓഫീസർ
3-3	375000	എം.കെ തങ്കമണി, പട്ടികജാതി വികസന ഓഫീസർ
3-4	522418	എ.വി. ജോസ് പ്രകാശ്, സെക്രട്ടറി
3-8	506575	പി.ഉഷ, അസി. ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ
3-15	899799	ഐ.വിധു വർക്കി, ക്ഷീരവികസന ഓഫീസർ
3-16	150000	ഐ.വിധു വർക്കി, ക്ഷീരവികസന ഓഫീസർ
ആകെ	4003786	

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന	സ്ഥിരം മേൽവിലാസം

	സമയത്തെ) ഔദ്യോഗിക മേൽവിലാസം	
ഡി.ബിജു അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ	അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, തിരുവനന്തപുരം കോർപ്പറേഷൻ	ടി.സി.7566, കെ.ആർഎ.8, ബിജു നിവാസ്, കടവൂർ, ആനയറ പി.ഓ. തിരുവനന്തപുരം-695 029

4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം
1995-96 മുതൽ 98-99 വരെ	എൽ.എഫ്.ടി.19-861/06/ 12.10.06/28.2.07
1999-2000	എൽ.എഫ്.ടി.12-851/06/12.10.06
2000-01	എൽ.എഫ്.ടി.12-850/06/12.10.06/28.2.07
2001-02	എൽ.എഫ്.ടി.12-849/06/31.10.06/1.3.07
2002-03	എൽ.എഫ്.ടി.21-2569/07/25.11.2008
2003-04	എൽ.എഫ്.ടി.21-2568/07/25.11.08
2004-05	എൽ.എഫ്.ടി.21-2567/07/25.11.08
2005-06	എൽ.എഫ്.ടി.21-795/09/22.5.10
2006-07	എൽ.എഫ്.ടി.21-796/09/22.5.10/3.12.10
2007-08	എൽ.എഫ്.ടി.21-67/12/28.5.12/5.9.12
2008-09	എൽ.എഫ്.ടി.21-68/12/28.5.12/5.9.12
2009-10	എൽ.എഫ്.ടി.21-69/12/28.5.12/5.9.12
2010-11	എൽ.എഫ്.ടി.21-69/12/28.5.12/5.9.12
2011-12	എൽ.എഫ്.ടി.(ബി.പി)222/13/1.8.13/4.11.13
2012-13	എൽ.എഫ്.ടി.(ബി.പി)1025/2014/8.10.14 /3.12.14
2013-14	കെ.എസ്.എ-ടി.എസ്.ആർ (ബി.പി2)31/16 /8.01.2016
2014-15,2015-16	കെ.എസ്.എ-ടി.എസ്.ആർ (ബി.പി2)662/2017/2.06.17/12.6.17

ജോയിന്റ് ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ.